പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1879 | 17.06.2013-ൽ മറുപടിക്ക്.

## പോലീസ് സേനയുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് സേനയെ നവീകരിക്കുന്നതിനും പൊതുജനങ്ങളോടുള്ള സമീപനങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിനും എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ; | (എ) പോലീസ് സേനയെ നവീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്രസഹായത്തോടെ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് (MoPF) സ്കീമിൽ ഉൾപ്പെടുത്തി റസിഡൻഷ്യൽ-നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ നിർമ്മാണം, വകുപ്പിനാവശ്യമായ ആയുധ സാമഗ്രികൾ, വാഹനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, ഫോറൻസിക് സയൻസ് ലബോറട്ടറി ഉപകരണങ്ങൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.<br><br>**ജനമൈത്രി സുരക്ഷാ പദ്ധതി:** 148 പോലീസ് സ്റ്റേഷനുകളിൽ നിലവിലുണ്ടായിരുന്ന ജനമൈത്രി സുരക്ഷാ പദ്ധതി, 50 ട്രൈബൽ പോലീസ് സ്റ്റേഷൻ ഉൾപ്പെടെ 100 പോലീസ് സ്റ്റേഷനുകളിൽകൂടി വ്യാപിപ്പിച്ചിട്ടുണ്ട്.<br><br>**സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി:**234 സ്കൂളുകളിൽ വ്യാപിപ്പിച്ചു. നടപ്പ് അധ്യയന വർഷം തന്നെ 70 സ്കൂളുകളിൽ കൂടി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>പോലീസ് വകുപ്പിലെ ഭരണനിർവ്വഹണ ജോലികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി *i*APS (ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിംഗ് സിസ്റ്റം) നടപ്പിലാക്കി. |

(മറുപുറം)

എല്ലാ പോലീസ് സ്റ്റേഷനുകളിലും മുതിർന്ന പൗരന്മാരുടെ പരാതികൾ സ്വീകരിക്കുന്നതിന് വേണ്ടിയുള്ള ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി ആധാരമാക്കി സംസ്ഥാനത്തെ ഓരോ പോലീസ് സ്റ്റേഷനുകളിൽ നിന്നും മറ്റ് ഏത് പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഓൺലൈനായി പരാതി സ്വീകരിക്കുന്ന സംവിധാനം ആരംഭിച്ചിട്ടുണ്ട്.

പോലീസ് സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനായി പ്രധാന കേന്ദ്രങ്ങളിൽ ടച്ച് സ്ക്രീൻ കിയോസ്ക്കുകൾ സ്ഥാപിച്ചു.

ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനസ് പ്രോഗ്രാമിന്റെ ഭാഗമായി 300 പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിച്ചു.

(ബി) ഇതിനായി ഉദ്യോഗസ്ഥർക്ക് പരിശീലനത്തിന്റെ ഭാഗമായി ബിഹേവിയറൽ തെറാപ്പി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ . വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

: (ബി) & (സി)

ജെൻഡർ അവയർനസ് പ്രോഗ്രാമിന്റെ ഭാഗമായി സർക്കിൾ ഇൻസ്പെക്ടർ പദവിവരെയുള്ള പോലീസുദ്യോഗസ്ഥർക്കും, ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി വിവിധ റാങ്കുകളിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കും സ്ത്രീകളോട് അനുഭാവ പൂർണ്ണമായ സമീപനം സ്വീകരിക്കുന്നതിന് വേണ്ട പരിശീലനം നൽകി വരുന്നു. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ബേസിക് ട്രെയിനിംഗിനോടനുബന്ധിച്ച് സൊസൈറ്റി & ബിഹേവിയർ എന്ന പേരിൽ ഒരു വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ചുനടക്കുന്ന ഇൻസർവ്വീസ് ട്രെയിനിംഗിൽ ബിഹേവിയറൽ ട്രെയിനിംഗിന് പ്രത്യേക ക്ലാസ്സ് ഉൾപ്പെടുത്തിവരുന്നു.

സെക്ഷൻ ഓഫീസർ